തിരുവനന്തപുരം മെഡിക്കൽ കോളേജിലെ
ഓർത്തോപീഡിക്സ് വിഭാഗം

152. [920] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓർത്തോപീഡിക്സ് വിഭാഗത്തിൽ അനുഭവപ്പെടുന്ന തിക്കും തിരക്കും ദൂരീകരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) ഇവിടെ എത്തുന്ന രോഗികൾക്ക് എക്സ്റേ, രക്തപരിശോധന തുടങ്ങിയ പരിശോധനകൾ തൊട്ടടുത്തുതന്നെ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഓർത്തോപീഡിക്സ് വിഭാഗത്തിലെ രോഗികളുടെ ബാഹുല്യവും വാർഡുകളിൽ മതിയായ സ്ഥലസൗകര്യം ഇല്ലാത്തതുമാണ് ഈ വാർഡിൽ തിക്കും തിരക്കും അനുഭവപ്പെടാനുള്ള കാരണം. ഇത് ഒഴിവാക്കുവാനും കൂടുതൽ സൗകര്യം ഏർപ്പെടുത്താനുമായി ഓർത്തോപീഡിക്സ് വിഭാഗത്തിന് മാത്രമായി 6-ാം വാർഡിന് മുകളിൽ ഒരു പ്രത്യേകം വാർഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി 30 ലക്ഷം രൂപയുടെ പദ്ധതി പരിഗണനയിലാണ്.

(ബി) ഇപ്പോഴുള്ള ഓർത്തോപീഡിക്സ് വാർഡിനടുത്തായാണ് എക്സ്റേ യൂണിറ്റും രക്തപരിശോധന തുടങ്ങിയ സംവിധാനങ്ങളും നിലവിലുള്ളത്. കൂടാതെ പുതിയ അത്യാഹിത വിഭാഗവും ഈ ഓർത്തോപീഡിക്സ് വാർഡിന് അടുത്തായാണ് പ്രവർത്തിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിലെ പകർച്ചവ്യാധികൾ

153. [921] ശ്രീ. വി. ഡി. സതീശൻ :
„ കെ. ബാബു :
„ കെ. സുധാകരൻ :
„ സി.പി. മുഹമ്മദ് :
„ പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ 2005 ജൂൺ മാസത്തിൽ ആരംഭിച്ച മഴയോടുകൂടി പകർച്ചവ്യാധികൾ പടർന്നു പിടിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പകർച്ചവ്യാധികളെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly